**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**കീം-2021**

**കേരളത്തിലെ സ്വകാര്യ സ്വാശ്രയ ആയൂർവേദ, സിദ്ധ, യുനാനി കോളേജുകളിലേക്കുള്ള പ്രവേശനം-2021 പുതുതായി അപേക്ഷ സമർപ്പിച്ചവരുടെയും ഓപ്ഷൻ രജിസ്റ്റർ ചെയ്തവരുടെയും പ്രവേശനത്തിനുള്ള താത്ക്കാലിക ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു.**

11 – 05 – 2022 ലെ സർക്കാർ കത്ത് No: AYUSH – A3/125/2022 –AYUSH ലെ നിർദേശത്തെ തുടർന്ന്, കേരളത്തിലെ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ ആയൂർവേദ, സിദ്ധ, യുനാനി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി 12.05.2022-ലെ ഇതേ നമ്പർ വിഞ്ജാപന പ്രകാരം വിദ്യാർത്ഥികൾക്ക് പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും നിലവിലുള്ള അപേക്ഷകർക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും 13.05.2022 രാവിലെ 10.00 മണി വരെ അവസരം നൽകിയിരുന്നു. അതിൻപ്രകാരം 10.05.2022 രാവിലെ 10 മണിവരെ പുതുതായി ലഭിച്ച അപേക്ഷകളും ഓപ്ഷൻ നൽകിയ നിലവിലുള്ള അപേക്ഷകരെയും ഉൾപ്പെടുത്തി പ്രസ്തുത കോഴ്സുകളിൽ പ്രവേശനത്തിനുള്ള ആയുർവേദ മെഡിക്കൽ താത്ക്കാലിക സപ്ലിമെന്ററി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു. പ്രസ്തുത തീയതിക്കുള്ളിൽ ലഭിച്ച ഓപ്ഷനുകൾ അടിസ്ഥാനമാക്കി ആയൂർവേദ, സിദ്ധ, യുനാനി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി തയ്യാറാക്കിയ രണ്ട് താത്ക്കാലിക സാധ്യതാ ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു . താത്ക്കാലിക ലിസ്റ്റുകളിൽ ആക്ഷേപമുള്ളവർ 16.05.2022 രാവിലെ 10 മണിക്കുള്ളിൽ **ceekinfo.cee@kerala.gov.in എന്ന ഇമെയിലിൽ അറിയിക്കാവുന്നതാണ് . 16.05.2022 രാവിലെ 10 മണിക്കുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ച് 16.05.2022 ന് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.**

**മുൻഗണനാലിസ്റ്റ് -1** സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ ആയൂർവേദ, സിദ്ധ, യുനാനി കോഴ്സുകളിൽ പ്രവേശനത്തിനായി നൽകിയ ഓപ്ഷനുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ അലോട്ട്മെന്റ് ലിസ്റ്റ് (ആയുർവേദ റാങ്കിനെ അടിസ്ഥാനമാക്കി ആയുർവേദ അലോട്ട്മെന്റ് ലിസ്റ്റും മെഡിക്കൽ റാങ്കിനെ അടിസ്ഥാനമാക്കി സിദ്ധ, യുനാനി കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് ലിസ്റ്റും)

**<u>മുൻഗണനാലിസ്റ്റ് –2</u>** ആയുർവേദ, സിദ്ധ, യുനാനി കോഴ്സുകളിൽ പ്രവേശനത്തിനായി തയ്യാറാക്കിയ സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ എല്ലാവരും.

ഒഴിവുകൾ നികത്തുന്നതിനായി ആദ്യ പരിഗണന മുൻഗണന ലിസ്റ്റ് –1 ന് ആയിരിക്കും. മുൻഗണനാലിസ്റ്റ് 1–ൽ ആവശ്യാനുസരണം യോഗ്യരായ വിദ്യാർത്ഥികൾ ലഭ്യമല്ലെങ്കിൽ മുൻഗണനാ ലിസ്റ്റ്–2 ൽ ഉൾപ്പെട്ടിട്ടുള്ളവരെ പരിഗണിക്കുന്നതാണ് . ഇങ്ങനെ പരിഗണിക്കുന്നതിന് റാങ്കിന്റെ മുൻഗണനാക്രമവും നേറ്റിവിറ്റി വ്യവസ്ഥയും നിർബന്ധമായും പാലിക്കേണ്ടതാണ്.

ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി താത്പര്യമുള്ള വിദ്യാർത്ഥികൾ കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പ്രതിപാദിക്കുന്ന അസ്സൽ രേഖകളുമായി 17.05.2022 മുതൽ 20.05.2022 ഉച്ചക്ക് 2 മണിക്കകം സീറ്റുകൾ ഒഴിവുള്ള കോളേജുകളുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കേണ്ടതാണ്. പുതുതായി അപേക്ഷ സമർപ്പിച്ച ഏതാനും ചില വിദ്യാർത്ഥികളുടെ അപേക്ഷയിലും അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളിലും ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട്. അത്തരം അപേക്ഷകരെ താത്ക്കാലികമായി മുൻഗണനാ ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയിലെ/ സർട്ടിഫിക്കറ്റുകളിലെ ന്യൂനതകൾ പ്രവേശനത്തിനുമുമ്പായി അപേക്ഷകൻ പരിഹരിക്കേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ **ceekinfo.cee@kerala.gov.in** എന്ന ഇമെയിലിൽ നൽകേണ്ടതാണ്. 20.05.2022 ന് രാവിലെ 11.00 മണിക്കുമുമ്പായി അപേക്ഷയിലെ/സർട്ടിഫിക്കറ്റുകളിലെ ന്യൂനതകൾ പരിഹരിക്കാത്തവരെ പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

സ്വകാര്യ സ്വാശ്രയ കോളേജുകളിലെ ആയുർവേദ, സിദ്ധ, യുനാനി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

- പ്രവേശന പരീക്ഷാ കമ്മീഷണർ പ്രത്യേകമായി പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവരും, കീം 2021 പ്രോസ്പെക്ടസ് പ്രകാരം നിർദ്ദേശിക്കപ്പെട്ട യോഗ്യത നേടിയവരും ആയിരിക്കണം.
- കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരം പ്രസ്തുത കോഴ്സിലേക്ക് പരിഗണിക്കപ്പെടുന്നതിനുള്ള അക്കാദമിക യോഗ്യതയുള്ളവരായിരിക്കണം.
- നിലവിൽ എം.ബി.ബി.എസ്/ ബി.ഡി.എസ്/ ആയൂർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ ഫാർമസി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ അഡ്മിഷൻ നേടാത്തവരായിരിക്കണം.
- എം.ബി.ബി.എസ്/ ബി.ഡി.എസ്/ ആയൂർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ ഫാർമസി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ മോപ് അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലാത്തവരും ആയിരിക്കണം.
- AACCC യുടെ ഇൻഎലിജിബിൾ അപേക്ഷകരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരാകണം.

20.05.2022 ഉച്ചക്ക് 2.00 മണിവരെ ഹാജരാകുന്ന വിദ്യാർത്ഥികളെ താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചും വെബ്സൈറ്റിൽ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും കീം 2021 പ്രോസ്പെക്ടസ് വ്യവസ്ഥകൾ പാലിച്ചും നിലവിലെ ഒഴിവുകളിലേക്ക് പരിഗണിച്ച് ഒഴിവുകൾ അതാത് കോളേജുകൾ നികത്തുന്നതാണ്.

ഒഴിവുകൾ നികത്തുന്നതിനായി ആദ്യ പരിഗണന മുൻഗണന ലിസ്റ്റ് -1 ന് നൽകേണ്ടതാണ്. മുൻഗണനാലിസ്റ്റ് 1-ൽ ആവശ്യാനുസരണം യോഗ്യരായ വിദ്യാർത്ഥികൾ ലഭ്യമല്ലെങ്കിൽ മുൻഗണനാ ലിസ്റ്റ്-2 ൽ ഉൾപ്പെട്ടിട്ടുള്ളവരെ പരിഗണിക്കാവുന്നതാണ്. ഇങ്ങനെ പരിഗണിക്കുന്നതിന് റാങ്കിന്റെ മുൻഗണനാക്രമവും നേറ്റിവിറ്റി വ്യവസ്ഥയും നിർബന്ധമായും പാലിക്കേണ്ടതാണ്.

കാറ്റഗറി സീറ്റുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം അർഹമായ കാറ്റഗറിയായി പരിവർത്തനം ചെയ്ത് മേൽപറഞ്ഞ തീയതിക്കകം അതാത് കോളേജുകൾ പ്രവേശനം നടത്തേണ്ടതാണ്.

പ്രവേശന സമയത്ത് വിദ്യാർത്ഥിയുടെ NEET സ്കോർ, ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത തുടങ്ങിയ ആവശ്യമായ രേഖകൾ കോളേജ് അധികാരികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. മുൻ വിജ്ഞാപന പ്രകാരം പുതുതായി അപേക്ഷ സമർപ്പിച്ചവരിൽ ഏതാനും അപേക്ഷകർ സമർപ്പിച്ച രേഖകളിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. അത്തരം അപേക്ഷകരെ താത്ക്കാലികമായിട്ടാണ് സപ്ളിമെന്ററി റാങ്ക് ലിസ്റ്റിൽ/മുൻഗണനലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൾ/ സർട്ടിഫിക്കറ്റ കളിൽ അപാകതയുള്ളവർ 20.05.202 രാവിലെ 11.00 മണിക്കകം ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖാന്തിരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസുമായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിക്കേണ്ടതാണ് . അപേക്ഷകൾ/ സർട്ടിഫിക്കറ്റുകളിലെ അപാകതകൾ പരിഹരിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ് പ്രവേശനം നൽകുന്നതെന്ന് കോളേജധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

പ്രവേശനം നൽകിയ വിദ്യാർത്ഥികളെ സംബന്ധിച്ച റിപ്പോർട്ട് 20.05.2022 വൈകുന്നേരം 5.00 മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകേണ്ടതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ , ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വെബ്സൈററിൽ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മനസ്സിലാക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.14 23:33:51 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**14/05/2022**